**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 694** **24-08-2022 - ൽ മറുപടിയ്ക്ക്**

**വോൾട്ടേജ് വ്യതിയാനവും വൈദ്യുതി തടസ്സവും പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ആയഞ്ചേരി ഗ്രാമപഞ്ചായത്തിലെ കീരിയങ്ങാടി, പുറമേരി ഗ്രാമപഞ്ചായത്തിലെ പെരുമുണ്ടച്ചെരി എന്നീ സ്ഥലങ്ങളിലും പരിസരപ്രദേശങ്ങളിലും വോൾട്ടേജ് വ്യതിയാനവും വൈദ്യുതി തടസ്സവും ഇടയ്ക്കിടെ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നറിയിക്കാമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, ആയഞ്ചേരി സെക്ഷനിൽ വൈദ്യുതി ലൈനുകൾ ഭൂരിഭാഗവും കടന്നുപോകുന്നത് മരച്ചില്ലകൾ നിറഞ്ഞ പ്രദേശങ്ങളിലൂടെയാണ്. പരാതി കിട്ടിയതിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി തടസ്സം ഒഴിവാക്കു ന്നതിനും വോൾട്ടേജ് കുറവ് പരിഹരിക്കുന്നതിനും വേണ്ടി പുറമേരി, ആയഞ്ചേരി പഞ്ചായത്തിൽ സമീപകാലത്തായി താഴെ പറയുന്ന പ്രവൃത്തികൾ നടത്തിയിട്ടുണ്ട്.<br><br>മങ്ങലാട് മിസറിയ കോളേജ് ഏരിയായിൽ 517 m എച്ച് ടി ഓവർഹെഡ് ലൈൻ വലിച്ച് ഒരു 100 kva ട്രാൻസ്ഫോർമർ സ്ഥാപിച്ചു.<br><br>അരൂർ നടേമ്മലിൽ 679 m എച്ച്. ടി ഓവർ ഹെഡ് ലൈൻ മാറ്റി സ്ഥാപിച്ചു.<br><br>കാരയിൽ കനാൽ ട്രാൻസ്ഫോർമർ ലോഡ് സെന്ററിലേക്ക് മാറ്റി സ്ഥാപിച്ചു.<br><br>എളയടം കൈരളി മുതൽ പെരുമുണ്ടശ്ശേരി മസ്ജിദ് വരെ 1052 m എച്ച്. ടി ഓവർ ഹെഡ് ലൈൻ വലിച്ചു.<br><br>മങ്ങലാട് അക്വഡക്ട് ഏരിയയിൽ 625 m എച്ച്. ടി ഓവർ ഹെഡ് ലൈൻ വലിച്ച് ഒരു 100 kva ട്രാൻസ്ഫോർമർ സ്ഥാപിച്ചു.<br><br>കൂടാതെ കൈരളി ഏരിയായിൽ 600 m എച്ച്. ടി ഓവർ ഹെഡ് ലൈൻ വലിച്ച് ഒരു 100 kva ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവർത്തി ദ്യുതി: 2 (2022-2026) സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ